Elavumthitta — Omallur road.

*573. MR. V. K. VARUGHESE (*Pathanamthitta III—General*): Will the Hon'ble Minister for P. W. D. enquire into the desirability of taking into departmental maintenance Elavumthitta-Omalloor road, now under the Omalloor Village Uplift system?

HON'BLE MR. K R. ELANKATH: Yes. The road will be taken up under departmental maintenance as soon as the improvement works on the road now taken up by the Village Uplift Department are completed.

കുടിൽ വ്യവസായങ്ങൾ.

*574. MR. P. K. KRISHNAN SASTRI (*Meenachil I—Pulaya*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ?

(എ) വ്യവസായഡിപ്പാർട്ടുമെൻറിൻറെ ചുമതലയിൽ നടത്തിവരുന്ന കൈകൊണ്ടു കടലാസുണ്ടാക്കൽ അഭിവൃദ്ധിപ്പെടുത്തുവാൻ എന്തെങ്കിലു നടപടികൾ അംഗീകരിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

(ബി) മറെറന്തെല്ലാം കുടിൽവ്യവസായങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകൾ ഇവിടെ ഉണ്ടെന്ന് ഈ ഡിപ്പാർട്ടുമെൻറുമുഖേന വെളിപ്പെടുത്തിയിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(സി) ഈ ഡിപ്പാർട്ടുമെൻറുമുഖേന നടത്തുന്ന ഗവേഷണങ്ങളും അന്വേഷണങ്ങളും പൊതുജനങ്ങളെ മനസ്സിലാക്കുന്നതിനു വല്ല പ്രസിദ്ധീകരണങ്ങളും നടത്തുന്നുണ്ടോ എന്നു ദയവായി പറയുമോ?

HON'BLE MR. T. K. NARAYANA PILLAI: (എ) ഉണ്ട്.

(ബി) പല ചെറിയ മെഷീൻ ഉപകരണങ്ങൾ, കണ്ണാടിസാമാനങ്ങൾ, തഴപ്പായ്, തഴപ്പായ്കൊണ്ടുണ്ടാക്കുന്ന മറു സാധനങ്ങൾ മുതലായവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെന്ന് ഗവേഷണങ്ങൾ നടത്തി സ്ഥാപിച്ചു വരുന്നു.

(സി) ഇല്ല.

MR. K. S. JOSEPH: ഗവണ്മെൻറധീനതയിലുള്ള കാളനികളിൽ ഇത്തരം വ്യവസായങ്ങൾ നടത്താൻ വിചാരിക്കുകയില്ലേ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിൻറെ ചുമതലയിൽ നടത്തുന്ന കാളനികൾ അപൂർവ്വമാണ്. കാളനികൾ സ്ഥാപിക്കുന്ന അവസരങ്ങളിൽ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നാണ് വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMACHANDRAN : സംസ്ഥാനത്തുള്ള ചെറുകിട വ്യവസായത്തിനെ പ്രോത്സാഹിപ്പിക്കുന്നതുകൊണ്ട് സാമ്പത്തികമായ ഉന്നമനം ഉണ്ടാകുമെന്നുള്ളതു ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ചെറുകിട വ്യവസായത്തിനെക്കുടിൽവ്യവസായമെന്നനിലയിൽ പ്രോത്സാഹിപ്പിക്കുന്നതിന് ഇപ്പോൾ നിവൃത്തിയില്ല. കാരണം ഇപ്പോഴുള്ള ചെറുകിടസാമാനങ്ങൾ വിദേശവിപണികളിൽ വിലപ്പോകാതെയാണിരിക്കുന്നതു്. അതുകൊണ്ട് അതിനെ കുടിൽവ്യവസായമാക്കിയാൽ സാമ്പത്തികമായ പുരോഗമനം ഉണ്ടാകുമോ എന്നു സംശയമാണു്.

Labour Legislation.

*575. MR. K. P. NILAKANTA PILLAI (*Chirayinkil I—General*): Will the Hon'ble Minister for Labour be pleased to state whether the Travancore Government have received any directions from the Government of India not to proceed with their labour legislation since it is the intention of India Government to have uniform Labour Statutes throughout the Indian Union.

HON'BLE MR. N. KUNJURAMAN: No.

പുതുശ്ശേരി പോങ്ങോട്ടുറോഡ്.

*576. MR. P. NANCO (*Chirayinkil II—General*) ; താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പുതുശ്ശേരി പോങ്ങോട്ടുറോഡ് ഉപയോഗപ്രദമാക്കികൊട്ടുക്കണമെന്നു് പൊതുജനങ്ങളിൽനിന്നും അപേക്ഷയോ നിവേദനമോ ഉണ്ടായിട്ടുണ്ടോ?

(ബി) പൊതുജനങ്ങൾ വെട്ടി ഉണ്ടാക്കിയ അതു റോഡിൽ എത്രത്തോളം ഭാഗത്തുള്ള നിലം നികത്തിയാൽ ഗവണ്മെൻറിൽനിന്നും എറ്റെടുക്കാമെന്നു് ഉത്തരവുണ്ടായിട്ടുണ്ടോ?

(സി) അതു റോഡ് ഏലായിൽ കിടക്കുന്ന ഭാഗം പൊതുജനങ്ങൾ നികത്തിയിട്ടുണ്ടോ?

HON'BLE MR K. R. ELANKATH: (*a*) Yes.

(*b*) No such order appears to have been issued by Government. But usually such roads are taken under departmental maintenance when the ryots complete their portion of the work and surrender the required lands.

(*c*) Yes, partly.

LIBRARY ARCHIVES Kerala Legislative Assembly